ഉത്തരം

(എ&ബി) നാട്ടിക മണ്ഡലത്തിലെ വലപ്പാട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി പുതുക്കിയ നിരക്ക് അനുസരിച്ചുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി വരികയാണ്. സാങ്കേതികാനുമതി ലഭിച്ചാൽ ഉടൻതന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ

266 (2141) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷനായി മാടായിപാറയിലെ തിരുവർക്കാട്ടുകാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത നിവേദനത്തിൽ സൂചിപ്പിച്ചിരുന്ന പ്രകാരം തിരുവർക്കാട്ടുകാവ് ക്ഷേത്രത്തിന്റെ അധീനതയിൽ സ്ഥിതി ചെയ്യുന്ന മാടായിപ്പാറയിലുള്ള 50 സെന്റ് സ്ഥലം സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ ജലലഭ്യത സംബന്ധിച്ച് സംശയം ഉയർന്നിട്ടുണ്ട്. ജലലഭ്യത ഉറപ്പുവരുത്തി, നിർദ്ദിഷ്ട സ്ഥലം വകുപ്പിന് കൈമാറിയാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ, 21-12-2011-ലെ സ.ഉ (സാധാ) 3764/2011/ആഭ്യന്തരം പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അടുത്ത അഞ്ചു വർഷക്കാലയളവിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിലും പഴയങ്ങാടി ഉൾപ്പെട്ടിട്ടില്ല. മാത്രമല്ല, നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ മാത്രമാണ് ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ മുൻഗണന നൽകി വരുന്നത്.

ചാലക്കുടിയിൽ ഫയർഫോഴ്സിന് കെട്ടിടം

267 (2142) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ ഫയർഫോഴ്സിന് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഫയർഫോഴ്സിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും ആധുനിക ഉപകരണങ്ങളും വാഹനങ്ങളും അനുവദിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly